


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA. PHONE: 8234

വാല്യം 5 | 1988 ഒക്ടോബർ 21, 28 | ലക്കം 33




പരിശുദ്ധനായ പരുമലതിരുമേനിയുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയാകട്ടെ

# ഭക്തജനപ്രവാഹം പരുമലയിലേക്ക്

(പ്രത്യേക ലേഖകൻ)

പരുമല: നവംബർ ഒന്ന്, രണ്ട് തീയതികളിൽ ആഘോഷിക്കുന്ന പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുന്നതിനായി കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും ഭക്തജനപ്രവാഹം ആരംഭിച്ചു. വാഹനങ്ങളിലും കാൽനടയുമായി ആയിരങ്ങൾ പരിശുദ്ധ തിരുമേനിയുടെ കബറിടത്തിലെത്തിക്കൊണ്ടിരിക്കുന്നു.

പതിവനുസരിച്ച് വിവിധ ദേവാലയങ്ങളിൽനിന്നും തീർത്ഥാടകസംഘങ്ങൾ ഇത്തവണയും കബറിടത്തിലേക്ക് ഭക്തിനിർഭരമായ തീർത്ഥയാത്ര നടത്തുന്നുണ്ട്. പരുമല തിരുമേനിയുടെ ജന്മനാടായ മുളന്തുരുത്തിയിൽനിന്ന് ഒക്ടോബർ 31-ാം തീയതി രണ്ടു മണിക്ക് മാർത്തോമൻ വലിയപള്ളി വികാരി ഫാ. കെ. ജെ. കര്യാക്കോസിന്റെ നേതൃത്വത്തിൽ പുറപ്പെടുന്ന തീർത്ഥയാത്ര തുരുത്തിക്കര, ആരക്കുന്നം, പിറവം, കടുത്തുരുത്തി, ഏറ്റുമാനൂർ വഴി കോട്ടയത്തെത്തുന്നതാണ്. ഒന്നാം തീയതി രാവിലെ ഏഴിന് കോട്ടയത്തുനിന്നും പുറപ്പെട്ട് വിവിധ പള്ളികളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങി വൈകുന്നേരം ആറുമണിയോടുകൂടി കബറിങ്കൽ എത്തിച്ചേരും.

തുമ്പമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ഇരുപതു വർഷമായി നടത്തിവരുന്ന പരുമല തീർത്ഥയാത്ര ഒക്ടോബർ 31-ന് കൈപ്പട്ടൂർ വലിയ പള്ളിയിൽനിന്ന് ആരംഭിക്കുന്ന തീർത്ഥയാത്ര രണ്ടുദിവസങ്ങൾകൊണ്ട് വിവിധ പള്ളികൾ പിന്നിട്ട് ഒന്നാം തീയതി വൈകുന്നേരം പരുമലയിൽ എത്തിച്ചേരും. ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്ത, ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ എന്നിവർ ആശിർവദിച്ച് ആരംഭിക്കുന്ന ഈ പദയാത്രാസംഘത്തിൽ എം. ജി. എം. ഗായകസംഘത്തിന്റെ ഭക്തിഗാനാലാപവും ഉണ്ടായിരിക്കും. ഒന്നാം തീയതി രാത്രി സന്ധ്യാപ്രാർത്ഥനയും റാസയും ശേഷം ഗായകസംഘത്തിന്റെ പ്രത്യേകം ഗാനമേളയും

(ശേഷം 8-ാം പേജിൽ)

# പരിശുദ്ധ ബാവായ്ക്ക് അനുമോദനങ്ങൾ അർപ്പിച്ചു.

കോട്ടയം: പ: മാർത്തോമാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിട്ട്, ഒക്ടോബർ 27-ന് 13 വർഷം തികയുന്ന പ: കാതോലിക്കാ ബാവാ തിരുമേനിക്ക് മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി അനുമോദനങ്ങൾ അർപ്പിച്ചു.

ഇക്കഴിഞ്ഞ ഒക്ടോബർ 20-ന് കോട്ടയം പഴയസെമിനാരിയിൽ ചേർന്ന മാനേജിംഗ് കമ്മറ്റിയോഗത്തിൽ പ. ബാവാ തിരുമനസ്സുകൊണ്ട് ആദ്ധ്യക്ഷം വഹിച്ചു.

മലങ്കര സുറിയാനിക്രിസ്ത്യാനി അസോസിയേഷൻ 89 ഡിസംബറിൽ ചേരേണ്ടതാണെന്ന് യോഗം തീരുമാനിച്ചു. 88-89 ലേക്കുള്ള സപ്ലിമെന്ററി ബജറ്റ് യോഗം പാസാക്കി.

## ഫിനാൻസ് കമ്മറ്റി രൂപീകരിച്ചു

കോട്ടയം: സഭയുടെ നാനാമുഖമായ വളർച്ചയെ ലക്ഷ്യമാക്കി ഒരു ഫിനാൻസ് റയിഡിംഗ് ആൻഡ് ഇംപ്ലിമെന്റേഷൻ കമ്മറ്റിക്ക് മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റി രൂപം നല്കി.

വൈദിക ട്രസ്റ്റി ഫാ: മത്തായി നൂറനാൽ; അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം; സമുദായ സെക്രട്ടറി പോൾ മത്തായി; എം. ജി. ജോർജ്ജ് മുത്തൂറ്റ്; റോണി. റ്റി. ഡാനിയേൽ; എം. ടി. പോൾ; പി. ജെ. കോശി; മത്തായി മാത്യൂസ് എന്നിവരാണ് കമ്മറ്റിയംഗങ്ങൾ.

# പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

മുളന്തുരുത്തി:- പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ മാർ ഗ്രീഗോറിയോസ് ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ നവംബർ 2, 3, തീയതികളിൽ അത്യാഡംബരപൂർവം ആഘോഷിക്കുന്നതാണ്.

രണ്ടാംതീയതി വൈകിട്ട് 6 മണിക്ക് ആശ്രമത്തിൽ സന്ധ്യാപ്രാർത്ഥനയും ധ്യാനപ്രസംഗവും ഉണ്ടായിരിക്കും. 3-ാം തീയതി മുളന്തുരുത്തി കാതോലിക്കേററ് സെൻററിൽ വെച്ച് വി: മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് ആശ്രമത്തിൽ നിന്നും കർമ്മേൽ ദയറ കുരിശുപള്ളിവരെ റാസ, നേർച്ചസദ്യ, സാധുക്കൾക്ക് അന്നദാനം, വസ്ത്രദാനം എന്നീ ചടങ്ങുകളോടുകൂടി പെരുന്നാൾ സമാപിക്കുന്നതുമാണ്.

## സ്ഥാനാരോഹണ വാർഷികം ആഘോഷിച്ചു

കോട്ടയം: പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിലെ 13-ാം സ്ഥാനാരോഹണ വാഷികം ഒക്ടോബർ 27 ന്- കോട്ടയം കുരിശുപള്ളിയിൽ ആഘോഷിച്ചു. പ: ബാവാ തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ രാവിലെ 7.30 ന് മലബാർ ഭദ്രാസനത്തിന്റെ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ വി: കുർബ്ബാനയർപ്പിച്ചു. തുടർന്ന് ചേർന്ന അനുമോദന സമ്മേളനത്തിൽ തിരുമനസ്സുകൊണ്ട് അദ്ധ്യക്ഷത വഹിച്ചു. ഫാ. റ്റി. ജെ. ജോഷ്വാ; പോൾ മത്തായി; മാത്യു ശങ്കരത്തിൽ എന്നിവർ പ്രസംഗിച്ചു.

# ഉന്നതവ്യക്തികൾ സമൂഹപുരോഗതിക്ക് ആവശ്യം: പ. ബാവാ

സമൂഹത്തിന്റെ പുരോഗതിക്കും വളർച്ചയ്ക്കും സ്വഭാവ ശുദ്ധിയുള്ള ഉന്നതരായ വ്യക്തികൾ വളരെ ആവശ്യമുണ്ടെന്നു പ. ബാവാ പ്രസ്താവിച്ചു അത്തരം വ്യക്തികളുടെ അഭാവം നികത്തുവാൻ സ്വഭാവ ശുദ്ധിയോടെ വളർന്നു വന്ന് ഉന്നത സ്ഥാനങ്ങളിൽ എത്തി സമൂഹത്തെ നേരായ പാതയിലൂടെ നയിക്കുന്നവരായിത്തീരണമെന്നും പ. കാതോലിക്കാ ബാവാ ആഹ്വാനം ചെയ്തു.

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം ഹൈസ്കൂൾ വിഭാഗത്തിന്റെ പത്താമതു വാഷികകോൺഫറൻസിനോട് അനുബന്ധിച്ച് വാകത്താനം സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നടത്തപ്പെട്ട ദശാബ്ദി സമ്മേളനം ഉത്ഘാടനം ചെയ്തു കൊണ്ട് പ്രസംഗിക്കുകയായിരുന്നു പ. ബാവാ.

യോഗത്തിൽ പ്രസ്ഥാനം പ്രസിഡന്റ് ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത ആദ്ധ്യക്ഷം വഹിച്ചു.

ഗീവറുഗീസ് മാർ ഈവാനിയോസ്, പൗലോസ് മാർ മിലിത്തിയോസ്, റമ്പാൻ തെയോഫോറസ്, കോർ എപ്പിസ്കോപ്പ, കോട്ടയം ജില്ലാ കലക്ടർ അൽഫോൻസ് കണ്ണന്താനം എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ജനറൽ കൺവീനർ ഫാ. ഇ. എം. ഫിലിപ്പ് സ്വാഗതവും, സെ

(ശേഷം 8-ാം പേജിൽ)

## ഹെറാൾഡ് കൗണ്ടർ

പരുമല പെരുനാളിനോടനുബന്ധിച്ചു മുൻവർഷങ്ങളിലെ പോലെ ഹെറാൾഡ് കൗണ്ടർ ഒക്ടോബർ 27 മുതൽ പരുമലയിൽ തുറന്ന് പ്രവർത്തിക്കുന്നതാണ്. വരിസംഖ്യ പുതുക്കാനുള്ളവർ രജിസ്റ്റർ നമ്പർ സഹിതം എത്തേണ്ടതാണ്. ഫാ. ഇ. ജെ. ഏബ്രഹാം എഴുതിയ 'പരുമല കൊച്ചു തിരുമേനി' എന്ന, 20 രൂപാ വിലയുള്ള ഗ്രന്ഥം 5 രൂപാ സൗജന്യ നിരക്കിൽ പെരുനാൾ ദിവസം കൗണ്ടറിൽ ലഭിക്കുന്നതാണ്. പ: കാതോലിക്കാബാവാ തിരുമനസുകൊണ്ട് വൈദികരുടെ പ്രസംഗക്കുറിപ്പായി തയ്യാറാക്കിയിട്ടുള്ള 'വചനത്തിന്റെ സുവർണ്ണം' എന്ന ഗ്രന്ഥം 50 രൂപാ വിലയ്ക്കു ലഭിക്കുന്നതാണ്.

മാനേജർ

# പരുമല കൊച്ചുതിരുമേനി പ്രകാശനം ചെയ്തു

ഫാ. ഇ. ജെ. ഏബ്രഹാം തയ്യാറാക്കിയ 'പരുമല കൊച്ചുതിരുമേനി' എന്ന ഗ്രന്ഥം ക്രൗൺ ¼ സൈസ്. 200-ൽപരം പേജുകൾ. ബഹുവർണ്ണചിത്രക്കവർ. ഒക്ടോബർ 27-ന് പ്രകാശനം ചെയ്തു.

ഈ ഗ്രന്ഥം 5 രൂപാ സഹായനിരക്കിൽ വിതരണം ചെയ്യുവാൻ സാമ്പത്തിക സഹായം നൽകിയ ഈ മാന്യ മിത്രങ്ങളെ നിങ്ങളും പ. പരുമലത്തിരുമേനിയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഓർമ്മിക്കുക.

| | | |
|---|---|---|
| 1 | സിസ്റ്റർ സൂസൻ കരുവിള, മാർ ഗ്രീഗോറിയോസ് ആശ്രമം, മുളന്തുരുത്തി | 5000 |
| 2 | പി.സി. തോമസ് എക്സ് എം.എൽ.എ, തിരുവല്ല | 2500 |
| 3 | പി.സി. ആൻഡ്രൂസ് ചേന്നാട്ടുമററം | 1000 |
| 4 | മാത്യു എം. തോമസ്, മുത്തൂററ്, കോഴഞ്ചേരി | 1000 |
| 5 | ഐസക് തോമസ്, ഉള്ളാട്ടിൽ, കോട്ടയം | 500 |
| 6 | കെ.പി. പൗലോസ്, നെച്ചുപ്പാടം | 250 |
| 7 | പി.വി. കുര്യൻ, പട്ടത്താനത്തു് പുത്തൻവീട്, തിരുവല്ല | 250 |
| 8 | Mrs. ഇ. ജയിക്കബ്, ചാലക്കുഴി, തിരുവല്ല | 200 |
| 9 | മേബൽ ആനി മാത്യൂസ്, പീടിയേക്കൽ മേബൽവില്ല, തിരുവല്ല | 200 |
| 10 | എം. സി. ഏബ്രഹാം, 6 ഈഗിൾ സ്ട്രീററ്, ബാംഗ്ളൂർ | 140 |
| 11 | പി.ജി. ഉമ്മൻ, DIZESIS, അഹമ്മദ്ബാദ് | 101 |
| 12 | ഇ.യു. അലക്സാണ്ടർ, ഇലഞ്ഞിക്കൽ, തിരുവനന്തപുരം | 100 |
| 13 | ഇ.യു. ജേക്കബ്, ഇലഞ്ഞിക്കൽ, തിരുവനന്തപുരം | 100 |
| 14 | സി.സി. വറുഗീസ് ചെമ്പോലിൽ, തിരുവല്ല | 100 |
| 15 | M/s ചെറീസ് കോഫി, മാർക്കററ് ജംഗ്ഷൻ, തിരുവല്ല | 100 |
| 16 | വി.കെ. ഏബ്രഹാം, വഞ്ചിപ്പള്ളിൽ, പൊടിയാടി | 100 |
| 17 | ഡെബി മേരി മാത്യു, മുത്തൂർ, തിരുവല്ല | 100 |
| 18 | കെ.സി. ഫിലിപ്പ് കണക്കാട്ട്, തിരുവല്ല | 100 |
| 19 | വറുഗീസ് കുര്യൻ, തൈപ്പറമ്പിലായ വേമ്പനാട്ട്, തിരുവല്ല | 100 |
| 20 | പി.വി. കുര്യൻ, കണിയാംപറമ്പിൽ, തിരുവല്ല | 100 |
| 21 | ജോർജ് സി. ആബ്രയിൽ, തിരുവല്ല | 100 |
| 22 | ജോയി ജോർജ്, നാടാവള്ളിൽ, തിരുവല്ല | 100 |
| 23 | M/s എം.വി. ജോൺ & സൺസ് മേളാമ്പറമ്പിൽ, തിരുവല്ല | 100 |
| 24 | എം.കെ. ജോസഫ്, മാത്തിൽ, പരുമല | 100 |
| 25 | ററി.വി. ജോർജ്, തോട്ടുങ്കൽ, കാവുംഭാഗം | 75 |
| 26 | ജോർജ്, കടവിൽ, പരുമല | 50 |
| 27 | തോമസ് ബേബി, മാലിയിൽപറമ്പിൽ, പരുമല | 50 |
| 28 | കെ. വി. മാത്യു, കോട്ടപ്പള്ളിൽ പരുമല | 50 |
| 29 | തോമസ് തട്ടാരംകുന്നേൽ, തിരുവല്ല | 50 |
| 30 | കെ.വി. ഫിലിപ്പ്, കാവിലെ വീട്, തിരുവല്ല | 50 |
| 31 | കെ. പി. മത്തായി, കാവിലെവീട്, തിരുവല്ല | 50 |
| 32 | കെ. ഐ. ചെറിയാൻ, കാഞ്ഞിരക്കാട്ട്, തിരുവല്ല | 50 |
| 33 | ജോർജ്ജ് വർഗ്ഗീസ്, കോടിയാട്ട്, തിരുവല്ല | 50 |
| 34 | അന്നാമ്മ വർഗ്ഗീസ്, മാവേലിത്തറ പുത്തൻവീട്, തിരുവല്ല | 50 |
| 35 | ജി. ജോർജ്, കരോട്ടേത്തു്, പരുമല | 25 |
| 36 | സി. ററി. ഫിലിപ്പ്, ചാലക്കുഴി മാളിയേക്കൽ തിരുവല്ല | 25 |
| 37 | എം. വി. പൗലോസ്, മാവേലിത്തറ, തിരുവല്ല | 25 |
| 38 | പി. ജി. ഡാനിയേൽ, തൈപ്പറമ്പിൽ പൊടിയാടി | 25 |
| 39 | സാറാമ്മ മാത്യു മണലിൽ വീട്, തിരുവല്ല | 25 |
| 40 | സൂസൻ മാത്യു, വാഴയിൽ വീട്, തിരുവല്ല | 25 |
| 41 | ഒ. എം. രാജു ഓലപ്പുരയ്ക്കൽ, സുൽത്താൻ ബത്തേരി | 25 |
| 42 | ററി. കെ. ജോർജ്, വളഞ്ഞവിള കിഴക്കേതിൽ, കുണ്ടറ | 25 |
| 43 | പി. സി. ചെറിയാൻ, ആശാരിയേത്തു്, തട്ടയ്ക്കാട്ട് | 20 |
| 44 | ഇ. ററി. മത്തായി, ഇഞ്ചക്കലോടിൽ, തിരുമൂലപുരം | 20 |
| 45 | എം. ഐ. കുര്യാക്കോസ്, മുളമൂട്ടിൽ പ്രിൻേറഴ്സ് നിരണം | 20 |
| 46 | സി. എം. പൗലോസ്, ചാലക്കുഴിയിൽ, കടപ്ര | 20 |
| 47 | പി. സി. ജെയിംസ്, പുത്തൻപുരയിൽ, പാമ്പാടി | 20 |
| 48 | എം. വി. വറുഗീസ്, പുതുപ്പറമ്പിൽ, പൊടിയാടി | 20 |
| 49 | അന്നാമ്മ പുന്നൻ, മേളാമ്പറമ്പിൽ, തിരുവല്ല | 10 |
| 50 | മറിയാമ്മ മാത്യു, തെങ്കാട്ടിൽ, തിരുമൂലപുരം | 10 |
| | ആകെ | 13306 |

20 രൂപ വില വരുന്ന ഈ പുസ്തകം സൗജന്യനിരക്കിൽ 5 രൂപാ വിലയ്ക്കു് പരുമലപ്പെരുന്നാൾ ദിവസം വിൽക്കുവാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നതു്.

**പരിശുദ്ധനായ പരുമല തിരുമേനിയുടെ ജീവചരിത്രവുംഅനുഭവസാക്ഷ്യങ്ങളും ലോകമെങ്ങും വ്യാപരിക്കുവാൻ വിശ്വാസികളായ ഭക്തജനങ്ങൾ ഞങ്ങളുടെ ഈ നല്ല ഉദ്യമത്തിൽ കൂടുതലായി സഹകരിക്കുമെന്നു് പ്രതീക്ഷിക്കുന്നു. സംഭാവനത്തുകകൾ**

മാനേജർ
ഓർത്തഡോക്സ് ഹെറാൾഡ്
ദേവലോകം
കോട്ടയം 686 038

എന്ന വിലാസത്തിൽ എത്രയും വേഗം അയയ്ക്കുക.

## ഭക്തജനപ്രവാഹം പരുമലയിലേക്കു്

(1-ാം പേജിൽനിന്നുംതുടർച്ച)

കബറിങ്കൽ നടത്തും.

കോട്ടയം പുത്തനങ്ങാടി കുരിശുപള്ളിയിലെ മാർ ഗ്രീഗോറിയോസ് തീർത്ഥാടക സംഘത്തിൻെറ ആഭിമുഖ്യത്തിൽ ഈ വർഷവും കബറിടത്തിലേക്കു് ഭക്തിനിർഭരമായ തീർത്ഥയാത്ര നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിക്കഴിഞ്ഞു.

31-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം ധ്യാനവും തുടന്നു് പദയാത്രയിൽ സംബന്ധിക്കുന്നവർ കുമ്പസാരിച്ചു് പിറേറ ദിവസം വി.കുർബ്ബാന അനുഭവിക്കുന്നതും പദയാത്ര ആരംഭിക്കുന്നതുമാണ്. പുത്തനങ്ങാടി കുരിശുപള്ളിയിൽ നിന്നാരംഭിക്കുന്ന തീർത്ഥയാത്രയ്ക്കു് എം. ഇ. ഈപ്പൻ കോർ എപ്പിസ്ക്കോപ്പാ, ഫാ. ഇ. കെ. ജോർജ്ജ്, ഫാ. സഖറിയാ പേരങ്ങാട്ട്, മോട്ടി കോട്ടയ്ക്കൽ എന്നിവർ നേതൃത്വം നൽകും. വിവിധ പള്ളികളിലെ അനുഗ്രാശിസ്സുകൾ ഏററുവാങ്ങി സംഘം ഒന്നാംതീയതി രാത്രി കബറിങ്കൽ എത്തിച്ചേരും.

## ഉന്നത വ്യക്തി

(1-ാം പേജിൽനിന്നും തുടർച്ച)

ക്രട്ടറി. ഫാ. തോമസ് കുര്യൻ കൃതജ്ഞതയും പറഞ്ഞു.

18-ാം തീയതി വൈകുന്നേരം വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡണ്ടു് ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത കോൺഫറൻസ് ഉത്ഘാടനം ചെയ്തു. ഗീവറുഗീസ് മാർ ഈവാനിയോസ് ആദ്ധ്യക്ഷം വഹിച്ചു. ദീപിക മാനേജിംഗ് എഡിററർ ഫാ. തോമസ് ഐക്കര, സി. വി. ജോർജ് കോർ എപ്പിസ്കോപ്പ എന്നിവർ പ്രസംഗിച്ചു. ഫാ. മാത്യു വൈദ്യൻ ധ്യാനത്തിനു നേതൃത്വം നൽകി. ഫാ. ജോബ് ഒ. ഐ സി., ഫാ. ഫിലിപ്പ് മാത്യു, ഫാ. മത്തായി ഒ.ഐ.സി., ഫാ. സി. ഒ. വറുഗീസ്, ഫാ. ഒ. തോമസ്, ഡീക്കൻ എം. സി. ചെറിയാൻ പ്രൊഫ. പി. സി. ഏലിയാസ് എന്നിവർ വിവിധ സമയങ്ങളിൽ ക്ലാസ്സുകൾ എടുത്തു,

ഈ വർഷത്തെ മാസ്റ്റർ എം. ജി. ഒ. സി. എസ്സ്. എം ആയി ഈപ്പൻ പി ഏബ്രഹാമിനേയും (നിരണം) കുമാരി എം.ജി.ഒ.സി.എസ്സ്. എം. ആയി മമത വറുഗീസി (പത്തനാപുരം) നേയും തിരഞ്ഞെടുത്തു. പുതുശ്ശേരി എം. ജി. ഡി. (MGD) ഹൈസ്കൂളിനു് ഏററവും നല്ല യൂണിററിനുള്ള യൂഹാനോൻ മാർ അത്താനാസിയോസ് എവർ റോളിംഗ് ഷീൽഡ് നൽകി.




Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor ... Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038